## MESSAGE FROM THE SECRETARY



കർത്താവിൽ പ്രീയ ദൈവജനമേ,
കഴിഞ്ഞ ഒരു മാസക്കാലം നമ്മുടെ പ്രവർത്തനങ്ങളിൽ വ്യാപരിച്ച ദൈവകൃപ ഓർത്ത് സ്തോത്രം ചെയ്യുന്നു വിശ്വാസ സമൂഹത്തിന്റെ നിരന്തരമായ പ്രാർത്തനയാകുന്നു ഈ ശുശ്രുഷയിൽ ഞങ്ങളെ ബലപെടുത്തുന്നത് തുടർന്നും നിങ്ങളുടെ പ്രാർത്ഥനയാൽ ഞങ്ങളെ ശക്തീകരിക്കണം എന്ന് അപേക്ഷിക്കുന്നു.

ജൂലായ് മാസം 25ആം തീയതി നമ്മുടെ ഇടവകയുടെ 46ആം സ്ഥാപകദിനം നാം സമുചിതമായി ആഘോഷിച്ചു ഇതിന്റെ ഭംഗിയായ ക്രമീകരണങ്ങൾക്കായി സഹായിച്ച എല്ലാ ഇടവക ജനങ്ങളോടും ഹൃദയത്തിന്റെ ഭാഷയിൽ ഉള്ള നന്ദി രേഖപെടുത്തുന്നു.

ആഗസ്റ്റ് മാസം നമ്മുടെ ഔട്ട് റീച്ച് മിഷൻ മിനിസ്ട്രി യുടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയാണ് സഭ സമൂഹത്തിലേക്ക് എന്നതാണ് നമ്മുടെ ലക്ഷ്യം കമ്പനി നല്കിയ താമസ സ്ഥലത്ത് കുടുംബത്തെ കൂടാതെ താമസിക്കുന്ന നമ്മുടെ സഭാ ജനങ്ങളോട് സഭ നിങ്ങളെ കരുതുന്നു എന്ന സന്ദേശം നല്കുകയാണ് ഇതിലൂടെ മുഖ്യമായും ഉദ്ദേശിക്കുന്നത് മെഡിക്കൽ സപ്പോർട്ട്, കൌണ്സെലിംഗ്, സന്ദർശനം, അംഗത്വവിതരണം തുടങ്ങിയവയിലൂടെ ഈ കൂട്ടായ്മയിൽ നിന്ന് അകന്നു പോയവരെ ഈ ആരാധനയുടെ സന്തോഷത്തിലേക്ക് മടക്കി കൊണ്ടുവരുവാൻ ഉള്ള ബോധപൂർവമായ ഒരു ശ്രമത്തിനു നാം തുടക്കം കുറിക്കുകയാണ് ഇതിന്റെ ഉത്ഘാടനം ആഗസ്റ്റ് മാസം 2ആം തീയതി അല്ക്കൂസിൽ വച്ച് നടക്കുന്നതാണ് ഈ പ്രവർത്തനങ്ങളിൽ സഹകരിക്കുവാൻ താല്പര്യം ഉള്ള ഏവരെയും അന്നേ ദിവസം അല്ക്കൂസിലേക്ക് ക്ഷണിക്കുന്നു.

നമ്മുടെ സണ്ഡേ സ്കൂൾകളുടെ സംയുക്ത ആഭിമുക്യത്തിൽ നടത്തപെടുന്ന ഈ വർഷത്തെ V. B. S ആഗസ്റ്റ് മാസം 22ആം തീയതി മുതൽ 29ആം തീയതി വരെ ജബൽ അലി മാർ തോമ്മാ പള്ളിയിൽ വച്ച് നടത്തപെടുന്നു എല്ലാ മാതാപിതാക്കളും തങ്ങളുടെ കുഞ്ഞുങ്ങളെ ഇതിൽ പങ്കെടുപ്പിക്കുവാൻ ഉത്സാഹിക്കണം എന്ന് ഓർമിപ്പിക്കുന്നു.

വേനൽ അവധി പ്രമാണിച്ച് നാട്ടിൽ ആയിരിക്കുന്ന എല്ലാ ഇടവകാ അംഗങ്ങൾക്കും നല്ലൊരു അവധിക്കാലം ആശംസിക്കുന്നതിനോടൊപ്പം സുരക്ഷിതമായി മടങ്ങിയെത്തുവാൻ സർവശക്തൻ സഹായിക്കട്ടെ എന്ന് പ്രാർത്തിക്കുകയും ചെയ്യുന്നു.

കൂട് വിട്ടു പറക്കുന്ന പക്ഷി കുഞ്ഞിനു ലോകം പുതിയൊരു അനുഭവവും ചുറ്റുപാടുകൾ വർണാഭമായ കാഴ്ച്ചകളും ആണ് എന്നാൽ ചിറക് കുഴയുന്നതിനു മുൻപ് തിരികെ എത്തിയില്ലെങ്കിൽ പിന്നീടൊരിക്കലും ചേക്കേറാൻ കഴിഞ്ഞില്ലെന്നു വരും, ദൈവ കൃപയുടെ കൂട്ടിൽ നിന്നും അന്യപെട്ടു പോകുവാൻ നമുക്ക് ഇടയാകാതിരിക്കട്ടെ എന്ന പ്രാർത്തനയോടു കൂടി

സസ്നേഹം,

ബിജു മാത്യു (ബിജു അടൂർ)

***Contact Details :***
*055 - 753 4150*
*e-mail: bijuadur1@gmail.com*